(ജി) പുതിയ സർവ്വീസ് ആരംഭിക്കുകയാണെങ്കിൽ അവ എത്ര എണ്ണമാണെന്ന് പറയാമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) ഒരു സർവ്വീസ്.

(സി) കെ.എസ്.ആർ.ടി.സി. തിരുവനന്തപുരത്ത് നിന്ന് കോഴിക്കോട്ടേയ്ക്ക് ഇപ്പോൾ മൊത്തം 9 സർവ്വീസുകൾ നടത്തുന്നുണ്ട്. ഇതു കൂടാതെ തിരുവനന്തപുരം-കോഴിക്കോട് റൂട്ടിലെ മറ്റു ഡിപ്പോകളിൽ നിന്നും കോഴിക്കോട്ടേയ്ക്ക് സർവ്വീസുകൾ നടത്തുന്നുണ്ട്. ഇതുകൊണ്ട് ഈ റൂട്ടിലെ യാത്രാക്ലേശം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ-ജി) നിലവിലുള്ള സർവ്വീസുകൾ കൊണ്ട് കോഴിക്കോട്ടേയ്ക്കുള്ള യാത്രാക്ലേശം പരിഹരിച്ചിട്ടുണ്ട്. ട്രാഫിക് ഡിമാന്റ് അനുസരിച്ച് കൂടുതൽ സർവ്വീസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശ്രീരാമപുരത്ത് ഒരു സ്റ്റോപ്പ് അനുവദിക്കാൻ നടപടി

71 (1270) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരിപ്പള്ളിക്കും കല്ലുവാതുക്കലിനും മദ്ധ്യേയുള്ള ശ്രീരാമപുരത്ത് ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്കും സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്കും സ്റ്റോപ്പ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) പാരിപ്പള്ളിയിൽ സൂപ്പർഫാസ്റ്റുകൾക്ക് ഫെയർ സ്റ്റേജ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ, ഇതിന്മേൽ നാളിതുവരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പാരിപ്പള്ളി ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾക്ക് ഒരു ഫെയർസ്റ്റേജും സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്ക് ബസ് സ്റ്റോപ്പുമാണ്. കല്ലുവാതുക്കൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്ക് സ്റ്റോപ്പ് ഉണ്ട്. പാരിപ്പള്ളി മുതൽ കല്ലുവാതുക്കൽ വരെയുള്ള 2.5 കി.മീ. ദൂരത്തിനിടയ്ക്കുള്ള ശ്രീരാമപുരത്ത് ഫാസ്റ്റ് പാസഞ്ചറിനോ സൂപ്പർ ഫാസ്റ്റിനോ സ്റ്റോപ്പനുവദിക്കുന്ന കാര്യം പരിഗണനയിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്റ്റോപ്പുകളും സ്റ്റേജുകളും പരമാവധി കുറച്ച് ദീർഘദൂര യാത്രക്കാരെ വേഗത്തിൽ ലക്ഷ്യത്തിലെത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സൂപ്പർഫാസ്റ്റ് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നത്. സൂപ്പർ ഫാസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസുകൾക്ക് പാരിപ്പള്ളിയിൽ നിലവിൽ സ്റ്റോപ്പുണ്ട്. പാരിപ്പള്ളിക്ക് അടുത്ത സ്റ്റേജുകൾ 15.2 കി.മീ. തെക്കുള്ള ആറ്റിങ്ങലും 7.4 കി.മീ. വടക്കുള്ള ചാത്തന്നൂരും ആണെന്നിരിക്കേ പാരിപ്പള്ളിയിൽ സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്ക് ഫെയർ സ്റ്റേജ് അനുവദിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.

ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ അഴിമതി

72 (1271) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ വ്യാജ ടിക്കറ്റും വ്യാജ വേബില്ലും വഴി വന്പിച്ച അഴിമതി നടന്നതായുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരം ക്രമക്കേടുകൾ നടത്തുന്ന ജീവനക്കാരുടെ മേൽ കർശന നടപടി സ്വീകരിക്കാത്തതിന്റെ കാരണം വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കൺസഷൻ ടിക്കറ്റ് കൗണ്ടറിൽ ജോലി നോക്കിയിരുന്ന ശ്രീ. എം. അശോകൻ എന്ന കണ്ടക്ടർ ജനുവരി മാസം 2003 മുതൽ അനധികൃതമായി 62 കൺസഷൻ ടിക്കറ്റുകൾ വിൽക്കുക വഴി 7,562 രൂപയുടെ (രൂപ ഏഴായിരത്തി അഞ്ഞൂറ്റി അറുപത്തി രണ്ട്) തിരിമറി നടത്തുകയുണ്ടായി.

(സി) ടി കണ്ടക്ടറെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തി വരുന്നു. കൂടാതെ കേരള സിവിൽ സർവ്വീസ് (സി.സി.എ.) 1960 റൂൾ 15 പ്രകാരം ടി കണ്ടക്ടർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരം ക്രമക്കേടുകൾ നടത്തുന്ന ജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡുകളിലെ വികലാംഗരുടെ സ്റ്റാളുകൾ

73 (1272) ശ്രീ. കെ. ബാബു :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ബാലറാം :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡുകളിൽ വികലാംഗർക്കുവേണ്ടി എത്ര സ്റ്റാളുകൾ നൽകിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly